ഉത്തരം

(എ) മാവോയിസ്റ്റ് പ്രവർത്തനവുമായി ബന്ധപ്പെട്ട് സംസ്ഥാനത്തെ വിവിധ പോലീസ് സ്റ്റേഷനുകളിലായി 126 കേസുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്.

(ബി) ഇതുമായി ബന്ധപ്പെട്ട് ആരെയും കരുതൽ തടങ്കലിൽ പാർപ്പിച്ചിട്ടില്ല.

പാസ്പോർട്ട്-ഓൺലൈൻ വെരിഫിക്കേഷൻ

213 (1957) ശ്രീ. കെ. എൻ. എ. ഖാദർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പാസ്പോർട്ട് വിതരണത്തിനുള്ള പോലീസ് പരിശോധനാ സംവിധാനം പൂർണ്ണമായും ഓൺലൈനായി നടപ്പിലാക്കുന്നതിന് കഴിഞ്ഞിട്ടുണ്ടോ; ഇല്ലെങ്കിൽ ഇത് പൂർണ്ണമായി നടപ്പിൽ വരുത്തുന്നതിന് കഴിയാത്തത് എന്തുകൊണ്ടാണ്;

(ബി) ഏതൊക്കെ ജില്ലകളിലാണ് ഓൺലൈൻ വെരിഫിക്കേഷൻ സംവിധാനം ഏർപ്പെടുത്താൻ കഴിയാത്തത്;

(സി) പാസ്പോർട്ട് വിതരണം കാര്യക്ഷമമാക്കാൻ എല്ലാ ജില്ലകളിലും ഓൺലൈൻ പോലീസ് വെരിഫിക്കേഷൻ സംവിധാനം പൂർണ്ണമായും നടപ്പിലാക്കുന്നതിനും യഥാസമയം വെരിഫിക്കേഷൻ നടപടികൾ പൂർത്തിയാക്കുന്നതിനും ആവശ്യമായ നടപടികൾ സ്വീകരിക്കുമോ?

ഉത്തരം

(എ) പാസ്പോർട്ട് വിതരണത്തിനുള്ള പോലീസ് പരിശോധനാ സംവിധാനം പൂർണ്ണമായും ഓൺലൈനായി നടപ്പിലാക്കുന്നതിനുള്ള നടപടികൾ ത്വരിത ഗതിയിൽ നടന്നുവരികയാണ്.

(ബി) കോട്ടയം, കാസർഗോഡ്, തൃശ്ശൂർ സിറ്റി, തൃശ്ശൂർ റൂറൽ, പാലക്കാട്, കോഴിക്കോട് റൂറൽ, ആലപ്പുഴ, കണ്ണൂർ, പത്തനംതിട്ട എന്നീ ജില്ലകളിലാണ് ഓൺലൈൻ വെരിഫിക്കേഷൻ സംവിധാനം ഏർപ്പെടുത്താൻ കഴിയാത്തത്.

(സി) പാസ്പോർട്ട് വിതരണത്തിനുള്ള പോലീസ് പരിശോധനാ സംവിധാനം പൂർണ്ണമായും ഓൺലൈനായി നടപ്പിലാക്കുന്നതിനുള്ള നടപടികൾ നടന്നുവരിക യാണ്.

വാഹനാപകടങ്ങൾ

214 (1958) ശ്രീമതി കെ. എസ്. സലീഖ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വാഹന പരിശോധനയും ബോധവത്കരണവും ശക്തമായിട്ടും വാഹനാപകടങ്ങൾ വർദ്ധിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

LIBRARY ARCHIVES Kerala Legislative Assembly